## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2543. 18.02.2016 -ൽ മറുപടിയ്ക്ക്.

# പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.) |

| ചോദ്യം | ഉത്തരം |
|---|---|
| എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1) 44 ഐ.ടി.ഐ. കൾ. - (എൻ.സി.വി.റ്റി അഫിലിയേഷനുള്ളത് - 41 എസ്.സി.വി.റ്റി അഫിലിയേഷനുള്ളത് - 3)<br>2) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ - 4 (വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുന്നതിന്) |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രേഡുകൾ പഠിക്കുന്നതിനും തൊഴിലധിഷ്ഠിത കോഴ്സുകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുക വഴി അവർക്ക് എളുപ്പത്തിൽ മെച്ചപ്പെട്ട തൊഴിൽ മേഖല കണ്ടെത്തുന്നതിനും തദ്വാര സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ |

എത്തിയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (സി) വകുപ്പിനു കീഴിലുള്ള 44 ഐ.ടി.ഐ. കളിലും 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിലും ഓരോ വർഷവും അർഹരായ അപേക്ഷകർക്ക് പ്രവേശനം നൽകി പരിശീലനം നൽകിവരുന്നു. ഇവർക്ക് പ്രതിമാസ സ്റ്റൈപ്പന്റും യൂണിഫോം അലവൻസും നൽകിവരുന്നു. കൂടാതെ സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും അനുവദിയ്ക്കുന്നുണ്ട്.<br><br>കൂടാതെ മറ്റ് സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വൊക്കേഷണൽ പരിശീലന സ്ഥാപനങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) എന്നിവ മുഖേന പ്രോജക്ടടിസ്ഥാ നത്തിലും സൈബർശ്രീ, CREST എന്നീ സ്ഥാപനങ്ങൾ വഴിയും തൊഴിൽ പരിശീലനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ